(ബി) പണി പൂർത്തീകരിച്ച 43 താൽക്കാലിക തടയണകൾക്കായി 41,98,929 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥിരം തടയണകളുടെ പണി പ്രാരംഭദിശയിലായതിനാൽ ചെലവുകൾ ഒന്നും തന്നെ ആയിട്ടില്ല.

(സി) പ്രസ്തുത തടയണകളുടെ പണി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഉദ്ദേശിച്ച ഫലം ലഭിക്കുകയുള്ളൂ. ജനങ്ങൾക്ക് കുടിവെള്ളം, കാർഷികാവശ്യങ്ങൾക്കുള്ള ജലസേചനം എന്നിവ ലഭിക്കുവാൻ വേണ്ടിയാണ് പദ്ധതി നിർദ്ദേശിച്ചിട്ടുള്ളത് താൽക്കാലിക തടയണകൾ നിർമ്മിച്ചതുവഴി ഇവ ഒരളവുവരെ സാധിച്ചിട്ടുണ്ട്.

(ഡി) ഇവ നിർമ്മിക്കുന്നതിൽ ദുർവ്യയം ഉണ്ടായതായി ആരോപണം ഉന്നയിച്ചതായി അറിയില്ല.

(ഇ) നിലവിലുള്ള കുളങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിയും തോടുകളുടെ ആഴം കൂട്ടിയും നദികളിലും തോടുകളിലും താഴേക്ക് ഒഴുകിപോകുന്ന വെള്ളത്തെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ തടയണകൾ കെട്ടി തടഞ്ഞു നിർത്തിയും അതത് പ്രദേശത്തെ ജലദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇനിയും വരൾച്ചയുണ്ടാകുകയാണെങ്കിൽ അതിനെ നേരിടാനായി ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതാണ് അഭികാമ്യം. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2473.60 ലക്ഷം രൂപ ചിലവ് വരുന്ന 65 തടയണകളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

മഴവെള്ള സംഭരണികളും തടയണകളും

33 [1011] ശ്രീ. കെ. പി. രാജേന്ദ്രൻ:

„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഴവെള്ള സംഭരണത്തിന്റെ ഭാഗമായി എത്ര മഴവെള്ള സംഭരണികളും തടയണകളും നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റി മഴവെള്ള സംഭരണത്തിന്റെ ഭാഗമായി 1611 മഴവെള്ള സംഭരണികളും 14 തടയണകളും നിർമ്മിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് 3 കൃത്രിമ ഭൂജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇക്കഴിഞ്ഞ വരൾച്ചയോടനുബന്ധിച്ചുള്ള ജലദൗർലഭ്യ പ്രശ്നപരിഹാര ശ്രമങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിൽ 54 സ്ഥിരം തടയണകളുടെയും 49 താൽക്കാലിക തടയണകളുടെയും നിർമ്മാണത്തിനായി ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കോഴിക്കോട് ജില്ലയിൽ 43 താൽക്കാലിക തടയണകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly